(സി) വീട്ട് കരത്തിൽ ഇളവനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത് ;

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ&ബി) ഉണ്ട്. സർക്കാരിന്റെ 8-10-2012-ലെ 256/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോകമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അതുവഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിക്കും.

ഗ്ലോബൽ അഗ്രോ മീറ്റ്

24 (*294) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്ലോബൽ അഗ്രോ മീറ്റ് നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടത് ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) എറണാകുളം ജില്ലയിലെ അങ്കമാലിയിൽ വച്ച് 2014 നവംബർ 6,7 തീയതികളിലായി ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്ലോബൽ അഗ്രോ മീറ്റ് വഴി താഴെ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത് :

1. കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉൽപന്നങ്ങളുടെ മേന്മയും മൂല്യവും ലോകവിപണികളെ അറിയിച്ച് ആഗോള വിപണി കണ്ടെത്തുക.
2. യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
3. ഓർഗാനിക് കൃഷി, ഫുഡ് പ്രോസസിംഗ്, മറൈൻ എക്സ്പോർട്ട്, ലാന്റ് സ്കേപ്പിംഗ്, പൈനാപ്പിൾ കൃഷി തുടങ്ങിയ മേഖലകളിൽ വ്യവസായം നടത്തുന്നതിന് നടപടി സ്വീകരിക്കുക.
4. പഴം, പച്ചക്കറി, പൂക്കൾ എന്നിവയുടെ പോളിഹൗസ് കൃഷി പ്രോത്സാഹിപ്പിക്കുക.
5. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വിദേശ സംരംഭകരും കാർഷിക മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുക.

(സി) ഗ്ലോബൽ അഗ്രോ മീറ്റുമായി ബന്ധപ്പെട്ട് 2014 നവംബർ 6,7 തീയതികളിൽ ഒൻപത് ടെക്നിക്കൽ സെഷനുകളിലായി താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.

1. ഇന്ത്യ ഒരു ആഗോള കാർഷിക ശക്തികേന്ദ്രം
2. കൃഷി അനുബന്ധ മേഖലകളിലെ മികച്ച കാർഷിക പരിപാലന രീതികൾ
3. മത്സ്യമേഖലയിലെ നൂതന സംരംഭങ്ങൾ
4. പ്ലാന്റേഷൻ ടൂറിസം
5. സൂക്ഷ്മ ജലസേചനത്തിലൂടെ കൂടുതൽ വിളവ്
6. ജൈവകാർഷിക ഉൽപാദനത്തിൽ മൃഗസംരക്ഷണമേഖലയുടെ പങ്ക്
7. വിവരസാങ്കേതിക വിദ്യ കാർഷിക മേഖലയുടെ വളർച്ചയ്ക്ക്
8. കാർഷിക വിളകളുടെ സംഭരണം-അടിസ്ഥാന സൗകര്യ വികസനം ശീതീകരണ ശൃംഖലയിലൂടേയും സംഭരണ സംവിധാനത്തിലൂടെയും
6. ആഭ്യന്തര ഉപഭോഗം, കയറ്റുമതി നിയന്ത്രണ സംവിധാനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കർഷകരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ഗ്ലോബൽ അഗ്രോ മീറ്റ് കാർഷിക രംഗത്ത് ഒരു മുന്നേറ്റം തന്നെ സൃഷ്ടിക്കുന്നതിന് കളമൊരുക്കിയ പശ്ചാത്തലത്തിൽ വരും വർഷങ്ങളിലും മീറ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. 2015-ൽ പ്രസ്തുത മീറ്റ് നവംബർ 6 മുതൽ 8 വരെ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2014 നവംബറിൽ ചേർന്ന മീറ്റിൽ ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

അംഗൻവാടികൾക്ക് കെട്ടിടം

25 (*295) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വാടക നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഒരോ അംഗൻവാടികൾക്കും വാടകയിനത്തിൽ നിലവിൽ എത്ര തുകയാണ് സർക്കാരിൽ നിന്നും നൽകുന്നത് ; ഇത് ഇന്നത്തെ സാഹചര്യത്തിൽ പര്യാപ്തമാണോ ;

(ഡി) വാടകയിനത്തിൽ അംഗൻവാടികൾക്ക് നൽകേണ്ടുന്ന തുകയിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ വ്യവസ്ഥയുണ്ട്. കൂടാതെ സർക്കാർ ഭൂമി, പുറമ്പോക്ക് ഭൂമി, സ്കൂൾ കോമ്പൗണ്ടുകൾ, സൗജന്യമായി ജനങ്ങളിൽ നിന്നും ഭൂമി സ്വീകരിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly